പോലെയുള്ള അന്താരാഷ്ട്ര വോളിബോൾ താരങ്ങളും കോട്ടയം എസ്. പി. ഗോപിനാഥ് വരെ കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ വോളിബോൾ താരമായിരുന്നു. അദ്ദേഹം കോട്ടയം എസ്. പി. ആകാൻ കാരണം പോലീസ് സേനയിൽ സെലക്ഷൻ കിട്ടിയതു കൊണ്ടാണ്. ഇപ്പോൾ കെ.എസ്.ഇ.ബി., കേരള പോലീസ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇതിലൊന്നും ഒരു ടീമിൽപ്പെട്ടവരേയും എടുക്കുന്നില്ല. സി.ഡി. പാപ്പച്ചനും ഐ.എം. വിജയനും ഒക്കെ പോലീസ് ടീമിന്റെ വാഗ്ദാനങ്ങളാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിൽ atleast ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെങ്കിലും വോളിബോൾ, ഫുട്ബോൾ താരങ്ങളെ എടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: ശ്രീ. കെ. സി. വേണുഗോപാൽ യൂണിവേഴ്സിറ്റി താരം മാത്രമല്ല, എല്ലാറ്റിലും നല്ല കളിക്കാരനാണ്. അദ്ദേഹത്തിന്റെ നിർദ്ദേശം സ്വാഗതം ചെയ്യുന്നു. ഏതായാലും ഒരു കാര്യം ഫോറസ്റ്റ് വകുപ്പിൽ സ്പോർട്സ് റിസർവേഷൻ വയ്ക്കുമെന്ന് ഈ നിയമസഭയ്ക്ക് ഉറപ്പു നൽകുന്നു. മറ്റ് വകുപ്പുകളിലെ കാര്യം അതാതു മന്ത്രിമാരുമായി സംസാരിച്ച് തീരുമാനിക്കും.

വിള ഇൻഷ്വറൻസ്

*3 [790] ശ്രീ. കെ. സി. വേണുഗോപാൽ:
„ എ. കെ. മണി:
„ ടി. യു. രാധാകൃഷ്ണൻ:
„ വർക്കല കഹാർ:
„ ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് ഏതെല്ലാം വിളകൾക്കാണ് ഏർപ്പെടുത്തിയിരുന്നത്;

(ബി) ഇപ്രകാരം ഇൻഷ്വറൻസിന് പ്രീമിയം അടച്ചുകൊണ്ടിരുന്നത് ആരാണ്;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഇത് നിർത്തലാക്കിയിട്ടുള്ള പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള വിളകൾ നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവയാണ്.

(ബി) സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കൃഷിക്കാരന് പ്രീമിയം അടച്ച് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

(സി) നിലവിലുണ്ട്.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രയാസമേറിയ കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. അവർക്ക് ആശ്വാസമേകുന്ന ഒരു പദ്ധതിയാണ് വിള ഇൻഷ്വറൻസ് പദ്ധതി. ഈ പദ്ധതിയുടെ വിശദവിവരം വ്യക്തമാക്കുമോ; എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇൻഷ്വറൻസ് അനുസരിച്ച് കിട്ടുന്നത്; സംസ്ഥാന ഗവൺമെന്റിന്റെ പ്രീമിയം എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സംസ്ഥാന ഗവൺമെന്റ് കൃഷിക്കാർ അടയ്ക്കേണ്ട പ്രീമിയം അതാത് കാലത്ത് തെങ്ങ്, കമുക്, ഇങ്ങനെയുള്ള ഓരോ കാർഷിക ഉല്പന്നങ്ങൾക്കും നിശ്ചയിക്കും. ആ തുക പ്രസിദ്ധീകരിക്കും. അതനുസരിച്ചുള്ള പ്രീമിയം കൃഷിക്കാരൻ അടയ്ക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ: എല്ലാ കർഷകരും ഇതിൽ അംഗങ്ങളായിട്ടില്ല. വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ചവർക്കു മാത്രമേ ഈ ആനുകൂല്യം കിട്ടൂ. സാധാരണ കൃഷിക്കാർക്ക് കൃഷിനാശം സംഭവിച്ചാൽ വിള ഇൻഷ്വറൻസിന്റെ ആനുകൂല്യം കിട്ടുന്നില്ല. അതുകൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: വിള ഇൻഷ്വറൻസ് പ്രകൃതിക്ഷോഭം പോലുള്ള കാര്യങ്ങൾക്കായിട്ടുള്ള ഒരു ഐറ്റമാണ്. അല്ലാതെ വെറുതെ ഉള്ളവർക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നാൽ നഷ്ടം കൊടുക്കാറില്ല. 25 കാർഷിക ഉല്പന്നങ്ങൾ നേരത്തെ വിവരിച്ചതനുസരിച്ച് അത് കൃഷി ചെയ്യുന്ന കൃഷിക്കാരന് പോളിസി എടുക്കാം.

ശ്രീ. എ. കെ. മണി: സർ, കൃഷി ചെയ്യുവാൻ വേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങാറുണ്ട്. വായ്പ തിരിച്ചടയ്ക്കുവാൻ പറ്റാതെ വരുമ്പോൾ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിന് പ്രീമിയം തരാറില്ല. അതുകൊണ്ട് കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നു. ഒരു വില്ലേജിൽ ഒരു വ്യക്തിക്ക് നാശനഷ്ടം ഉണ്ടായാൽ

അത് അസസ് ചെയ്യുന്നത് ഒരു വില്ലേജിലുള്ള മൊത്തം കൃഷിയുടെ നാശനഷ്ടത്തിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെ വരുമ്പോൾ ഈ വ്യക്തിക്ക് ഇൻഷ്വറൻസ് കിട്ടാതെയാകും. ഇൻഷ്വറൻസ് കുറയ്ക്കുകയാണ്. അങ്ങനെ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അതുകൊണ്ട് വ്യക്തികളുടെ കൃഷിക്ക് നാശനഷ്ട മുണ്ടായാൽ അവർക്ക് ഇൻഷ്വറൻസ് കൊടുക്കുവാനുള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ദേശീയ ഇൻഷ്വറൻസ് സ്കീമിന്റെ പൊരുളാണ് മെമ്പർ ഇവിടെ പറഞ്ഞത്. സംസ്ഥാന ലെവലിൽ സംസ്ഥാന ഇൻഷ്വറൻസ് സ്കീമിൽ വ്യക്തികളുടെ നാശനഷ്ടങ്ങൾക്ക് തുക കൊടുക്കുന്നുണ്ട്. ഇത് ദേശീയ ഇൻഷ്വറൻസ് സ്കീമിൽ പെട്ടതാണ്. കടം എടുക്കുന്നവർ നിർബന്ധമായും കടത്തിന്റെ ഒരു അംശം premium ആയി അടയ്ക്കണം. നെൽകൃഷിയാണെങ്കിലും പ്രധാനപ്പെട്ട ആറ് ഐറ്റങ്ങൾക്കാണ് ദേശീയ ഇൻഷ്വറൻസ് പറഞ്ഞിരിക്കുന്നത്. വിളകൾ, നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ ഇതാണ്. ദേശീയ ഇൻഷ്വറൻസിൽ ചേർന്നിരിക്കുന്ന ആളുകൾക്ക് ഇത് ബാധകമാണ്. സംസ്ഥാന ലെവലിലല്ല. വ്യക്തികൾക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. എ. കെ. മണി: പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നവർക്കാണ് ഇൻഷ്വറൻസ് കൊടുക്കുവാൻ പദ്ധതി നിലവിലുള്ളത്. എന്റെ മണ്ഡലത്തിൽ ധാരാളം വന്യജീവികളിൽനിന്നും കൃഷിക്കാർക്ക് നാശനഷ്ടമുണ്ടാകുന്നുണ്ട്. അത് ഫോറസ്റ്റിൽനിന്നും കൊടുക്കുകയും കൊടുക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ഏതായാലും വിള ഇൻഷ്വറൻസ് വരുമ്പോൾ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശങ്ങൾ കണക്കിലെടുക്കുന്നതുപോലെ വന്യജീവികളിൽനിന്ന് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഇൻഷ്വറൻസ് കൊടുക്കുവാൻ വേണ്ടി നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സംസ്ഥാന ഇൻഷ്വറൻസ് സ്കീമാണ് പറയുന്നത്. വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ആനശല്യം, കാട്ടുതീ, ഇടിമിന്നൽ എന്നിവ മൂലമുള്ള വിളനാശങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കും. സംസ്ഥാന ഇൻഷ്വറൻസിൽ ആനശല്യത്തിനും നഷ്ടപരിഹാരം നൽകും. കീടശല്യമുണ്ടായി കൃഷി നശിച്ചാലും പ്രതിഫലം കിട്ടുന്നതാണ്.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ കേരളത്തിൽ ആദ്യമായി നെൽകൃഷിയെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് മറ്റ് അഞ്ച് കാർഷിക വിളകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്തായാലും കേരളത്തിൽ ഇതുവരെയും ദേശീയ വിള ഇൻഷ്വറൻസിന്റെ കീഴിൽ വരാത്ത ധാരാളം കാർഷിക വിളകളും ഉല്പന്നങ്ങളും ബാക്കി നിൽക്കുകയാണ്. അവകൂടി ദേശീയ ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ കൂടിയാലോചനകൾ നടത്തുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇപ്പോൾ ദേശീയ ഇൻഷ്വറൻസ് സ്കീമിലുള്ള വിളകൾക്ക് പുറമെ മറ്റു വിളകളെക്കൂടി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ Insurance Corporation-മായി ചർച്ച നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. യു. രാധാകൃഷ്ണൻ: ബാങ്ക് ലോൺ എടുത്ത് കൃഷി നടത്തുന്ന കർഷകരെ സംബന്ധിച്ചിടത്തോളം ഇൻഷ്വറൻസിന്റെ പരിരക്ഷ കിട്ടുന്നതിനു ഇപ്പോൾ നിലവിൽ ചില സംവിധാനങ്ങളുണ്ട്. പക്ഷേ സ്വന്തമായി ഭൂമിയില്ലാതെ ലീസിന് ഭൂമിയെടുത്ത് കൃഷി ചെയ്യുന്നവർക്ക് ഈ ഇൻഷ്വറൻസിന്റെ പരിരക്ഷ ലഭിക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിലും ദേശീയ ഇൻഷ്വറൻസ് സ്കീമിലും പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്യുന്നവർക്ക് ഇൻഷ്വറൻസ് ബാധകമാണ്.

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്തെ കർഷകരുടെ വിള ഇൻഷ്വർ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം സ്റ്റേറ്റ് ഇൻഷ്വറൻസിനെ ഏല്പിക്കുകയും അതിനുവേണ്ട പോളിസി ഗവൺമെന്റ് നേരിട്ട് സ്റ്റേറ്റ് ഇൻഷ്വറൻസിന് നൽകുവാനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

മി. സ്പീക്കർ: അത് എങ്ങനെയാണ്?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: രണ്ട് ഇൻഷ്വറൻസ് സ്കീമുണ്ട്. ദേശീയ ഇൻഷ്വറൻസ് സ്കീം നിർത്തൽ ചെയ്തിട്ടില്ല. ഇവിടെയുള്ള ആറു പ്രധാന വിളകൾക്ക് ദേശീയ ഇൻഷ്വറൻസ് സ്കീം ബാധകമാണ്. സംസ്ഥാന ഇൻഷ്വറൻസ് സ്കീം പ്രധാന കൃഷികളായ 25 വിളകൾക്കെടുക്കാം. അതാതുകാലത്ത് ഗവൺമെന്റ് നിശ്ചയിക്കുന്ന premium തുക അടച്ച് പോളിസി എടുത്താൽ ഓരോരുത്തരും അംഗമായാൽ അവർക്ക് നഷ്ടം കിട്ടും. സാധാരണ കൃഷിക്കാർ policy എടുക്കാറില്ല. ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ കിട്ടും. സ്കീമിൽപ്പെട്ട യുവജനങ്ങളാണ് agent ആയി പ്രവർത്തിക്കുന്നത്.

ശ്രീ. വർക്കല കഹാർ: മണ്ഡരിക്കും മറ്റു രോഗങ്ങൾക്കുമെതിരെ ഇൻഷ്വർ ചെയ്യുന്നതിനും അതിനുവേണ്ടിയുള്ള തുക സഞ്ചിതനിധിയിൽനിന്നും കൊടുക്കുന്നതുൾപ്പെടെ നടപടി ഉണ്ടാകുമോ?

മി. സ്പീക്കർ: അത് കർഷകർക്ക് കൊടുത്താലെന്താ? അതുകൊള്ളാം. ഇൻഷ്വർ ചെയ്യണം. നഷ്ടം വരാതിരിക്കുവാൻ വേണ്ടിയല്ലേ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: മണ്ഡരി രോഗബാധ മാറ്റുന്നതിന് ഇന്ന് മരുന്നുതളിയൊക്കെയാണ് സംസ്ഥാനത്തിന്റെ വകയായി ചെയ്യുന്നത്. അത് നഷ്ടപരിഹാരം എന്ന രൂപത്തിലില്ല. കീടരോഗബാധമൂലം നാശം സംഭവിച്ചാൽ വിള നശിക്കുന്നതിന് നഷ്ടം കൊടുക്കും. നാശത്തിന്റെ തോത് എത്രയാണെന്നു തിട്ടപ്പെടുത്തണം. മണ്ഡരി മൂലം തെങ്ങ് നശിക്കാൻ കാലപ്പഴക്കമുണ്ട്.

ശ്രീ. ലൂഡി ലൂയിസ്: സർ, തൊഴിൽ പ്രശ്നങ്ങൾ മൂലം കൃഷി നശിപ്പിക്കുന്ന ധാരാളം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നു. ഇങ്ങനെ കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുകൂടി ഈ ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

മി. സ്പീക്കർ: അതിനല്ലേ ഇൻഷ്വറൻസ്?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ചോദ്യത്തിൽനിന്ന് മനസ്സിലാകുന്നത് ഇൻഷ്വറൻസിൽ അംഗമായിട്ടില്ല എന്നാണ്. അംഗമാകുന്നവർക്ക് കൊടുക്കുമെന്നാണ് പറഞ്ഞത്. അംഗമാകുന്നവർക്കേ ഇത് ബാധകമാകൂ. അംഗമാകാത്തവർക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ പ്രതിഫലമില്ല. ഒരു സ്കീമിലും ഇല്ല.

ശ്രീ. ലൂഡി ലൂയിസ്: ദേശീയ —സംസ്ഥാന വിള ഇൻഷ്വറൻസിലൊക്കെ കൂടുതൽ കർഷകരെ അംഗമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തൊക്കെ രീതിയിലുള്ള പ്രോത്സാഹനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്?

മി. സ്പീക്കർ: അതെല്ലാം പറയുവാൻ കഴിയുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ദേശീയ ഇൻഷ്വറൻസിനില്ല. സംസ്ഥാന ലെവൽ ഇൻഷ്വറൻസിന് പ്രോത്സാഹനാർത്ഥം ഓരോ കൃഷി ഓഫീസിന്റെ കീഴിലും ഒരു ലക്ഷം യുവജനങ്ങൾ അംഗങ്ങളായ തൊഴിൽദാന പദ്ധതിയെന്ന ഒരു പദ്ധതിയിൽ അംഗങ്ങളായവരെ ഏജന്റുമാരാക്കിയെടുത്തുകൊണ്ട് അവർക്ക് പ്രീമിയത്തിന്റെ എട്ടു ശതമാനം തുക കമ്മീഷനായി കൊടുക്കുന്നുണ്ട്. അങ്ങനെ പ്രോത്സാഹനാർത്ഥം നടപടികൾ സ്വീകരിച്ച് അവരെക്കൊണ്ട് സജീവമായി മെമ്പർഷിപ്പെടുപ്പിക്കുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, 2001-2002 വർഷത്തിൽ വരൾച്ച, വെള്ളപ്പൊക്കം ഇവ മൂലം 1609 കോടി രൂപയുടെ നാശനഷ്ടമാണുണ്ടായത്. ഒരു പൈസപോലും കേന്ദ്രത്തിൽനിന്നും കിട്ടിയിട്ടില്ല. വരുമാനമുണ്ടാക്കുവാൻവേണ്ടി പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിയുടെ വസതിക്കുമുമ്പിൽ ഈ ആനുകൂല്യം കിട്ടുന്നതിന് ഞാൻ സത്യാഗ്രഹം നടത്തുമെന്ന ഒരു പ്രഖ്യാപനം നടത്തിയാൽ മതി. കേരളത്തിന്റെ വിള ഇൻഷ്വറൻസിന്റെ കംപ്ലീറ്റ് പ്രീമിയവും കേന്ദ്രത്തിൽനിന്നും കിട്ടാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇൻഷ്വറൻസ് സ്കീമിൽ ചില നഷ്ടങ്ങൾ സംഭവിക്കണമെന്നുണ്ട്. അങ്ങനെ സംഭവിച്ചാൽ സമയത്ത് അപേക്ഷ കൊടുത്താൽ അർഹമാണെന്നുകണ്ടാൽ അതു കൊടുക്കുന്നുണ്ട്. അതിനു സത്യാഗ്രഹത്തിന്റെ ആവശ്യമില്ല.

ശ്രീ. പോൾസൺ മാസ്റ്റർ: സർ, തൊഴിൽ എടുക്കുന്നവർക്ക് വിവിധ ക്ഷേമ പദ്ധതികളും പി. എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ ഒക്കെയുണ്ട്. യഥാർത്ഥ കർഷകനുമാത്രം ഇത്തരം ബെനിഫിറ്റൊന്നുമില്ല. എന്റെ ചോദ്യം, കർഷകന് കാർഷിക പ്രവർത്തനങ്ങൾക്കിടയിൽ അപകടത്തിൽപ്പെട്ട് അംഗവൈകല്യം സംഭവിക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ ചികിൽസാ സഹായവും കുടുംബ പെൻഷനും വിള ഇൻഷ്വറൻസ് പദ്ധതിയോടൊപ്പം നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിക്ക് തുടക്കം കുറിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇൻഷ്വറൻസ് സ്കീമിൽ ആലോചിച്ചിട്ടില്ല. ആലോചിക്കാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മൾ കാർഷിക മേഖലയിലെ വില തകർച്ചയിൽ ഏറ്റവും കൂടുതൽ പ്രയാസം നേരിടുന്നത് നാണ്യ വിളകളാണ്. സ്പൈസസ് ബോർഡോ, റബ്ബർ ബോർഡോ അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ എന്തെങ്കിലും ഇൻഷ്വറൻസ് പദ്ധതി ഇതിന് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നാണ്യവിളകളുടെ കാര്യത്തിൽ ഇൻഷ്വറൻസ് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ശ്രീ. എം. വി. ജയരാജൻ പറയുന്നതു പ്രീമിയം തുക ബോർഡുകൾ അടയ്ക്കണമെന്നാണ്. ആ ബോർഡുകൾക്ക് അങ്ങനെയുള്ള സ്കീമില്ല. സ്കീം ഇന്നുള്ളത് വ്യക്തികൾ അടയ്ക്കുന്നതാണ്. നാണ്യ വിളകൾക്കുമുണ്ട്. കൂടുതൽ വിളകളെ ദേശീയ ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുവാൻ ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചർച്ച നടക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് 25 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ആ വിളകൾ ദേശീയ ഇൻഷ്വറൻസിൽ ഉൾപ്പെടുത്താൻ ചർച്ച നടത്തി നോക്കാം.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വിള ഇൻഷ്വറൻസിന്റെ ഭാഗമായി കൃഷിക്കാർക്ക് വരൾച്ചാകാലത്ത് ഒരുപാട് ആശ്വാസ നടപടികൾ ഉണ്ടെന്നുള്ളത് വാസ്തവമാണ്. കഴിഞ്ഞ തവണ വയനാട് ജില്ലയിലൊക്കെ വരൾച്ചയുടെ ഭാഗമായി കൃഷിനാശമുണ്ടായപ്പോൾ ഗവൺമെന്റും കൃഷി ഡിപ്പാർട്ട്മെന്റും കൃഷിക്കാരെ സഹായിക്കാൻ മുന്നോട്ടുവന്നു. പ്രതീക്ഷിക്കാതെ വേനൽമഴയും മറ്റുമൊക്കെ വരുമ്പോൾ, അത്തരം ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കാർഷിക വിളകൾക്കുകൂടി വിള ഇൻഷ്വറൻസ് ഏർപ്പാടാക്കാനുള്ള സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, വരൾച്ച ഇപ്പോഴും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടു സ്കീമിലും കൃഷിനാശത്തിന് മൊത്തത്തിൽ വരുമ്പോൾ distress ഫണ്ടിൽനിന്നും സഹായം കൊടുക്കുന്നുണ്ട്. അത് Distress Relief ആണ്. Insurance അല്ല. കൂടാതെ ഡ്രൗട്ട് വന്നാൽ ഗവൺമെന്റ് ഇടപെടാറുണ്ട്. ഡ്രൗട്ട് സ്കീമിൽ വിത്തുകൾ സൗജന്യമായി കൊടുക്കുന്നുണ്ട്. മറ്റു നഷ്ടങ്ങളും കൊടുക്കുന്നുണ്ട്. അതു നഷ്ടമായിട്ടല്ല. പുനർകൃഷി നടത്താനുള്ള സഹായമായിട്ടാണ്. ഇൻഷ്വറൻസ് സ്കീമിനെ സംബന്ധിച്ച് ഇന്ന് ധാരാളം തെറ്റിദ്ധാരണകൾ ഉണ്ട്. കൂടുതൽ വിശദീകരണം ആവശ്യമാണെന്ന് കരുതുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)